LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

312(1013) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്പാവം അസംബ്ലിമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയത്; എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഒന്പാവം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് സ്ഥാപിക്കുന്ന ബാപ്പുജി ചിൽഡ്രൻസ് പാർക്കിന് മൊത്തം എത്ര തുകയാണ് ചെലവഴിക്കുവാനായി ഉദ്ദേശിക്കുന്നത്; ഏതൊക്കെ ഫണ്ടാണ് ചെലവഴിക്കുന്നത്;

(സി) ബാപ്പുജി ചിൽഡ്രൻസ് പാർക്കിൽ സന്ദർശകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പാർക്ക് എന്നത്തേക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ടോയ്ലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, റെയിൻ ഷെൽറ്റർ, വാച്ച് ടവർ, പാത്ത് വേ, ലാൻഡ്സ്കേപ്പിംഗ്, റോഡ് കോർ ബാറ്ററി ഓപ്പറേറ്റർ കാർ, ആംഫിതിയേറ്റർ, പ്ലേ ഏരിയ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ആന്റ് സാനിറ്ററി ഫിറ്റിംഗ്സ്, പ്ലേ എക്വിപ്മെന്റ്സ് തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ഡി) 28-2-2016-ന് തുറന്ന് പ്രവർത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ

313(1014) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2015 വരെ ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തായിരുന്നെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എ. ജി. ആവശ്യപ്പെട്ടിട്ടും ഓണാഘോഷത്തിന്റെ ഫയൽ ഉദ്യോഗസ്ഥർ നൽകിയില്ല എന്ന് ചൂണ്ടിക്കാണിച്ച് എ.ജി. പരാമർശം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളാണ്;

(സി) 2011 മുതൽ 2015 വരെയുള്ള ഓണാഘോഷത്തോടനുബന്ധിച്ച് പ്രധാന വേദിയായ കനകക്കുന്ന് കൊട്ടാരത്തിന്റെ സൂപ്രണ്ടിന് ഓരോ വർഷവും എത്ര രൂപ വീതം അഡ്വാൻസ് തുക നൽകിയിരുന്നു; ഈ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) വീഴ്ച വരുത്തിയ ജീവനക്കാരനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓണാഘോഷവുമായി ബന്ധപ്പെട്ട രേഖകൾ സാധാരണയായി സംസ്ഥാന ആഡിറ്റ് വകുപ്പാണ് ആഡിറ്റ് ചെയ്യുവരുന്നത്. എന്നാൽ 1-8-2011 മുതൽ 30-9-2013 വരെ ടൂറിസം വകുപ്പിന്റെ ആഡിറ്റിന്റെ ഭാഗമായി എ.ജി. 2011-12 വർഷത്തെ ഓണാഘോഷ രേഖകൾ ആഡിറ്റ് ചെയ്തിരുന്നു. ആയതിന്റെ ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ടിലെ 9, 10, 11 പേജ് നമ്പരായി വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ബന്ധപ്പെട്ട ഭാഗങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) എ.ജി. ആവശ്യപ്പെട്ട 2012, 2013 എന്നീ വർഷങ്ങളിലെ ഓണാഘോഷ ഫയലും 2011-ലെ ചില രേഖകളും ലഭിച്ചിട്ടില്ലായെന്ന് എ.ജി. അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ എ.ജി. ടൂറിസം വകുപ്പിൽ വച്ചുതന്നെ റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ മേൽപ്പടി രേഖകളുമായി സീനിയർ ആഡിറ്ററെ സമീപിച്ച അവസരത്തിൽ, ആയത് റിപ്പോർട്ടായി ടൂറിസം വകുപ്പിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് എ.ജി.-ക്ക് ലഭ്യമാക്കിയാൽ മതിയെന്ന് അറിയിച്ചു ഇതിന്റെ വെളിച്ചത്തിൽ ടൂറിസം വകുപ്പിൽ എ.ജി.-ക്ക് ആവശ്യമായ എല്ലാ രേഖകളും ഉടനടി തയ്യാറുള്ളതായി ടൂറിസം വകുപ്പിൽനിന്നും എ.ജി.-ക്ക് മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) 2008 മുതൽ 2012 വരെ ഓണാഘോഷവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ആഡിറ്റിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിരിക്കുയാണ്. ആയതിനാൽ 2013, 2014, 2015 വർഷങ്ങളിൽ ടൂറിസം വകുപ്പ് കനകക്കുന്ന് കൊട്ടാരം സൂപ്രണ്ടിന് അനുവദിച്ചു നൽകിയ തുക മുഴുവൻ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	അനുവദിച്ച തുക
2013	4,10,000
2014	4,40,000
2015	4,50,000

2015 കാലയളവിലെ അഡ്വാൻസ് തുക സെറ്റിൽ ചെയ്തിട്ടില്ല. 2013, 2014 വർഷങ്ങളിൽ തുക ചെലവഴിച്ചതിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി &ഇ) ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എ.ജി.-ക്ക് വസ്തുതകൾ വ്യക്തമാക്കി മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ എ.ജി.-യുടെടി പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്നുള്ള കാര്യം അറിയിച്ചുകൊള്ളുന്നു.

ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസന പദ്ധതികൾ

314(1015) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഓരോ പദ്ധതിയിലും ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ ;

(സി) കൊയിലാണ്ടി കാപ്പാട് ബീച്ചിൽ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) വിശദാംശം യഥാക്രമം അനുബന്ധം 'എ','ബി','സി' എന്നിങ്ങനെ ഉൾപ്പെടുത്തിയിരിക്കുന്നു.

ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ്

315(1016) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ഫൈലിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly